## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം- സാങ്കേതിക വിഭാഗം- കോഴിക്കോട് ജില്ല- ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്- ചേമഞ്ചേരി വില്ലേജ്- ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ- യൂസേജ് ഓഫ് പ്ലോട്ട് അനുമതി - ലേ - ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.02.2021-ലെ എ 2/3518/2019 നമ്പർ കത്ത്.

2) കോഴിക്കോട് ടൗൺ പ്ലാനറുടെ 10.02.2021, 30.03.2021, 12.05.2021 എന്നീ തീയതികളിലെ TCPKZD/56/2021-C1 നമ്പർ കത്തുകൾ.

### ഉത്തരവ് നമ്പർ: TCPCTP/444/2021-D1, തീയതി: **28/06/2021**

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചേമഞ്ചേരി വില്ലേജിൽ റീസർവ്വേ നമ്പർ 7/15, 7/18 എന്നിവയിൽ ഉൾപ്പെട്ട 19.22 ആർ (11.53 + 7.69) സ്ഥലത്ത് സെയിൽസ് ബിൽഡിംഗ് - 21.55 ചതുരശ്ര മീറ്റർ, കാനോപ്പി - 201.50 ചതുരശ്ര മീറ്റർ എന്നിവ ചേർത്ത് ആകെ 223.05 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. രാമചന്ദ്രൻ കെ. വി., അരിൻ നിവാസ്, ചേമഞ്ചേരി പി.ഒ., കൊയിലാണ്ടി, കോഴിക്കോട്-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ.-2011-നും, താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും , അംഗീകാരം നൽകി ഉത്തരവാകുന്നു.

#### നിബന്ധനകൾ

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി / ഒക്യുപൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ-2011-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ.-2011-നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ് / ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി.

വാങ്ങിയിരിക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. മേൽ സ്ഥലം CRZ മാപ്പിംഗ് പ്രകാരം No Development Zone-ൽ ആണ് ഉള്ളത്. CRZ Clearance കിട്ടിയശേഷം മാത്രമേ നിർമ്മാണം തുടങ്ങാൻ പാടുള്ളൂ.
8. യൂസേജ് ഓഫ് പ്ലോട്ട് എന്നത് നിർമ്മാണാനുമതി അല്ല. ആയത് കെ.പി.ബി.ആർ.-2011 പ്രകാരം സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
9. The location and construction of petrol tank and vent pipe എന്നത് 1976-ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കണം.
10. പ്ലോട്ടിനു വടക്കു വശത്തുകൂടി ഒരു കനാൽ പോകുന്നുണ്ട് . ടി നിർമാണം മൂലം ടി കനാൽ മലിനപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
11. പ്ലോട്ടിന് തെക്കു വശത്തു കൂടി ഒരു പ്രൈവറ്റ് റോഡ് ഉള്ളതായി കാണുന്നു. പെട്രോൾ പമ്പിന്റെ എക്സിറ്റ് ഈ ഭാഗത്താണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി ഭാഗത്ത് അപകട സാധ്യതയില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 8/2021 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by RAJEEVAN PITTAN
Date: 2021.0[illegible] 13:33:45 IST
Reason: Approved

ഉള്ളടക്കം:- ഒരു സൈറ്റ് പ്ലാൻ.

രാജീവൻ പിട്ടൻ
ടൗൺ പ്ലാനർ

സെക്രട്ടറി, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് , ചേമഞ്ചേരി പി.ഒ
കോഴിക്കോട് -673304

പകർപ്പ്:- 1)ടൗൺ പ്ലാനർ, കോഴിക്കോട്

2) ശ്രീ. രാമചന്ദ്രൻ കെ. വി., അരിൻ നിവാസ്, ചേമഞ്ചേരി പി.ഒ., കൊയിലാണ്ടി, കോഴിക്കോട്.

3) വെബ് സൈറ്റ്, 4) കരുതൽ ഫയൽ, 5) അധികം.